# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 ഫെബ്രുവരി 16

# വാർത്താക്കുറിപ്പ്

## എം.ജി.യിൽ എം.ഫിൽ, പി.എച്ച്ഡി. ബിരുദങ്ങൾക്ക് ഇനി എലിജിബിലിറ്റി സർട്ടിഫിക്കറ്റ് മാത്രം

**– എം.ഫിലിനും പി.എച്ച്ഡിക്കും തുല്യത സർട്ടിഫിക്കറ്റ് നിർത്തലാക്കാൻ അക്കാദമിക് കൗൺസിൽ തീരുമാനം**

**– പാർട്ട്ടൈം ഗവേഷണം; അധ്യാപകർക്ക് കോഴ്സ് വർക്ക് രണ്ടു ഘട്ടമായി പൂർത്തിയാക്കാം**

എം.ഫിൽ, പി.എച്ച്ഡി. ബിരുദങ്ങൾക്ക് തുല്യത സർട്ടിഫിക്കറ്റുകൾ നൽകുന്നത് നിർത്തലാക്കാനും പകരം എലിജിബിലിറ്റി സർട്ടിഫിക്കറ്റുകൾ നൽകാനും മഹാത്മാ ഗാന്ധി സർവകലാശാല അക്കാദമിക് കൗൺസിൽ യോഗം തീരുമാനിച്ചു. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടന്ന യോഗത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു. അപേക്ഷകൾക്കനുസരിച്ച് ഉന്നതപഠനത്തിനും ജോലിക്കും ഇനം തിരിച്ചാണ് യോഗ്യത സർട്ടിഫിക്കറ്റുകൾ നൽകുക.

പി.എച്ച്.ഡി. പ്രോഗ്രാമിന് പാർട്ട്ടൈം ഗവേഷണം നടത്തുന്ന സ്ഥിരം, ഗസ്റ്റ് അധ്യാപകർക്ക് രണ്ടു ഘട്ടങ്ങളിലായി കോഴ്സ് വർക്ക് പൂർത്തിയാക്കുന്നതിന് അനുമതി നൽകാൻ യോഗം തീരുമാനിച്ചു. തുടർച്ചയായ ആദ്യ രണ്ടു വർഷങ്ങളിൽ ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി രണ്ടുഘട്ടമായി കോഴ്സ് വർക്ക് പൂർത്തീകരിക്കാനാണ് അനുമതി.

ബി.എസ്സി. ബി.കോം കോഴ്സുകളിൽ കമ്പ്യൂട്ടർ സയൻസ് പഠിപ്പിക്കുന്നതിന് കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തര ബിരുദമുള്ളവരെ പരിഗണിക്കുന്ന വിഷയം ഫിസിക്സ്, മാത്തമാറ്റിക്സ്, കെമിസ്ട്രി, കൊമേഴ്സ് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്മാരുടെ സമിതി പരിശോധിക്കും. ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ നടത്തുന്ന ഡിപ്ലോമ ഇൻ ഓർഗാനിക് ഫാമിംഗ് കോഴ്സ് പ്രവേശനത്തിന് സർവകലാശാല നടത്തുന്ന ഓർഗാനിക് ഫാമിംഗ് സർട്ടിഫിക്കറ്റ് കോഴ്സ് ജയിച്ച, പത്താംക്ലാസ് പാസായവർക്കുകൂടി അവസരമൊരുക്കി യോഗ്യത പുതുക്കാൻ യോഗം തീരുമാനിച്ചു. സർവകലാശാല ഓണററി ബിരുദങ്ങൾ നൽകുന്നത് സംബന്ധിച്ച് പൊതു മാർഗ്ഗനിർദ്ദേശം തയ്യാറാക്കുന്നതിന് കമ്മിറ്റിയെ നിയോഗിക്കാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിന് ഇൻഡക്സ് മാർക്കിന് കോർ വിഷയങ്ങൾക്കൊപ്പം തൊഴിലധിഷ്ഠിത/നൈപുണ്യ വിഷയങ്ങൾ പരിഗണിക്കുന്നത് സംബന്ധിച്ച വിഷയം അക്കാദമിക് കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു. കോഴ്സുകളിലെ അന്തർ സർവകലാശാല മാറ്റം സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഡീൻസ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. സർവകലാശാല ജീവനക്കാരായിരുന്ന കെ.ജെ. ജോൺ, എൽസമ്മ സെബാസ്റ്റ്യൻ എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. കശ്മീരിൽ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട ജവാന്മാർക്ക് ആദരാഞ്ജലി അർപ്പിച്ചാണ് യോഗം ആരംഭിച്ചത്.

(പി.ആർ.ഒ./39/316/2019)

## ബി.ടെക് പുതുക്കിയ സമയക്രമം

നാലാം സെമസ്റ്റർ ബി.ടെക് പഴയ സ്കീം (1997-2009 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയുടെ 'മെഷീൻ ഡ്രോയിംഗ് II' എന്ന വിഷയത്തിന്റെ സമയക്രമം മാർച്ച് 28ന് രാവിലെ 9.30 മുതൽ 1.30

വരെയാക്കി പുതുക്കി നിശ്ചയിച്ചു. മുമ്പ് ഉച്ചയ്ക്ക് ഒന്നു മുതൽ അഞ്ചുവരെ നടത്താനാണ് നിശ്ചയിച്ചിരുന്നത്. പുതുക്കിയ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/317/2019)

**പ്രാക്ടിക്കൽ**

നാലാം സെമസ്റ്റർ ബി.വോക് ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ (2016 അഡ്മിഷൻ റഗുലർ/2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) നവംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 19ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/318/2019)

ഒന്നാം സെമസ്റ്റർ ബി.എസ്സി. ഇലക്ട്രോണിക്സ്, ബി.എസ്സി. കമ്പ്യൂട്ടർ മെയിന്റനൻസ് ആന്റ് ഇലക്ട്രോണിക്സ് (മോഡൽ III - പുതിയ സ്കീം-2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്/സി.ബി.സി.എസ്.എസ് 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്/2013 ന് മുമ്പുള്ള അഡ്മിഷൻ മേഴ്സി ചാൻസ്) ജനവരി 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 20, 21 തീയതികളിൽ അതത് കോളേജിൽ നടക്കും.

(പി.ആർ.ഒ./39/319/2019)

**പരീക്ഷ ഫലം**

2018 ഒക്ടോബറിൽ എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ നടന്ന പത്താം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം - 2006-2010 അഡ്മിഷൻ സപ്ലിമെന്ററി, 2006ന് മുമ്പുള്ള അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് ഒന്നു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/320/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ്സി. ഹോം സയൻസ് ബ്രാഞ്ച് (A), (D) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/321/2019)

2018 ഏപ്രിലിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്സി. കമ്പ്യൂട്ടർ സയൻസ് നോൺ സി.എസ്.എസ്. (മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/322/2019)

2018 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ഒന്ന്, രണ്ട് സെമസ്റ്റർ ബി.എൽ.ഐ.എസ്സി. (സെമസ്റ്റർ - ഓഫ് കാമ്പസ് സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/323/2019)

2018 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന അവസാന വർഷ എൽ.എൽ.എം (ആനുവൽ സ്കീം- ഓഫ് കാമ്പസ് സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് രണ്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/324/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ